**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2614** **04-03-2025 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്റർ പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. സനീഷ്‌കുമാർ ജോസഫ്</th><th colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സ്മാർട്ട് മീറ്റർ പദ്ധതി ക്യാപ്പക്സ് മോഡലിൽ നടപ്പിലാക്കുന്നതിനായി ലഭിച്ച ഓരോ വിഭാഗം ടെൻഡറിലെയും ഏറ്റവും കൂടിയതും ഏറ്റവും കുറഞ്ഞതുമായ ടെൻഡർ തുകയും അവ നൽകിയ സ്ഥാപനത്തിന്റെ പേരും വെളിപ്പെടുത്താമോ;</td><td>(എ)</td><td>ബദൽ മാതൃക പ്രകാരമുള്ള സ്മാർട്ട് മീറ്റർ പദ്ധതി 2 പാക്കേജുകളായാണ് (പാക്കേജ്-1 സ്മാർട്ട് മീറ്റർ, ആശയ വിനിമയ ശൃംഖലയും അനുബന്ധ സോഫ്റ്റ്‌വെയർ, പാക്കേജ്-2 MDMS സോഫ്റ്റ്‌വെയർ, ഇന്റഗ്രേഷൻ) ടെണ്ടർ ചെയ്തത്.
<table>
<tr><th></th><th>പാക്കേജ്-1</th><th>പാക്കേജ്-2</th></tr>
<tr><td>കുറഞ്ഞ ടെണ്ടർ തുക</td><td>1,60,99,22,196.80 രൂപ</td><td>4,45,92,616.00 രൂപ</td></tr>
<tr><td>സ്ഥാപനം</td><td>ഇസ്ക്രാമെകോ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് & രാമലിംഗം കൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ് കൺസോർഷ്യം</td><td>ഈസിയാ സോഫ്റ്റ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്</td></tr>
<tr><td>കൂടിയ ടെണ്ടർ തുക</td><td>3,21,22,60,833.60 രൂപ</td><td>9,98,55,366.00രൂപ</td></tr>
<tr><td>സ്ഥാപനം</td><td>അൻവിൽ കേബിൾസ് പ്രൈവറ്റ് ലിമിറ്റഡ്</td><td>ബി.സി.ഐ.ടി.എസ്. പ്രൈവറ്റ് ലിമിറ്റഡ്</td></tr>
</table></td></tr>
<tr><td>(ബി)</td><td>എ.എം.ഐ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുന്നതിന് ടോട്ടക്സ് മോഡലിൽ നിന്നും കാപ്പക്സ് മോഡലിലേക്ക് മാറുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാൻഡ് ലഭ്യമാകുമോ;</td><td>(ബി)</td><td>ഇല്ല.</td></tr>
<tr><td>(സി)</td><td>ഇത് സംബന്ധിച്ച് കേന്ദ്രഗവൺമെൻറ് രേഖാമൂലം ഏതെങ്കിലും തരത്തിലുള്ള ഉറപ്പ് സംസ്ഥാന ഗവൺമെന്റിന്</td><td>(സി)</td><td>കാപ്പക്സ് മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുമ്പോൾ ഗ്രാന്റ് നൽകുമെന്ന് ഉറപ്പ് നിലവിൽ കേന്ദ്ര സർക്കാർ നൽകിയിട്ടില്ല. എന്നാൽ, ഉപഭോക്താക്കൾക്കും സ്ഥാപനത്തിനും കുറഞ്ഞ ചെലവിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ കഴിയുന്നതാണ് കാപ്പക്സ് മാതൃക എന്ന് തെളിയിക്കപ്പെട്ട സാഹചര്യത്തിൽ ഗ്രാന്റ്</td></tr>
</table>

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ രേഖയുടെ കോപ്പി ലഭ്യമാക്കാമോ? | | അനുവദിക്കണമെന്ന് വീണ്ടും ആവശ്യപ്പെട്ടിട്ടുള്ളതായി കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ